## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2300

18/03/2015 ൽ
മറുപടിയ്ക്ക്

## കാപ്പക്സിന്റെ കശുവണ്ടി ഫാക്ടറികൾ

**ചോദ്യം**
ശ്രീ. എം.എ.ബേബി
ശ്രീ.പി.കെ.ഗുരുദാസൻ
ശ്രീമതി.പി.അയിഷാ പോറ്റി
ശ്രീ.ജെയിംസ് മാത്യു

**ഉത്തരം**
ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(ബഹു.വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാപ്പക്സിന്റെ കശുവണ്ടി ഫാക്ടറികൾ മുൻ ഉടമകൾക്ക് തിരിച്ച നൽകണമെന്ന സുപ്രീംകോടതി വിധി വരാനുണ്ടായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ; | (എ) | 1984-88 കാലഘട്ടങ്ങളിൽ അടഞ്ഞു കിടന്ന 46 സ്വകാര്യ കശുവണ്ടി ഫാക്ടറികൾ കാഷ്യു ഫാക്ടറീസ് അക്വിസിഷൻ ആക്ട് അനുസരിച്ച് ഗവൺമെന്റ് ഏറ്റെടുക്കുകയും 36 എണ്ണം കെ.എസ്.സി.ഡി.സിയെയും, 10 എണ്ണം കാപ്പക്സിനെയും നടത്തിപ്പ് ചുമതല ഏൽപിക്കുകയും ചെയ്തിരുന്നു. 1995 ൽ പ്രസ്തുത ഫാക്ടറികൾ മുൻ ഉടമകൾക്ക് വിട്ടു നൽകുന്നതിന് സുപ്രീം കോടതി ഉത്തരവുണ്ടായിട്ടുണ്ട്. അന്ന് കെ.എസ്.സി.ഡി.സിയുടെ ചുമതലയിൽ ഉണ്ടായിരുന്ന 36 ഫാക്ടറികൾ മുൻ ഉടമകൾക്ക് തിരികെ നൽകുകയും നിയമഭേദഗതിയിലൂടെ കാപെക്സിന്റെ കീഴിലുള്ള 10 ഫാക്ടറികൾ നിലനിർത്തുകയും ചെയ്തു. പ്രസ്തുത കാഷ്യു ഫാക്ടറീസ് അക്വീസിഷൻ (Amendment) ആക്ട് 1995 ന്റെ ഭരണ ഘടനാപരമായ സാധുത ചോദ്യം ചെയ്ത് 2005 -ൽ സുപ്രീംകോടതിയിൽ രണ്ട് മുൻ ഫാക്ടറി ഉടമകൾ സമർപ്പിച്ച അപ്പീലിന്മേൽ ആണ് കാപെക്സിന്റെ കശുവണ്ടി ഫാക്ടറികൾ മുൻ ഉടമകൾക്ക് തിരിച്ച നല്കണമെന്ന് സുപ്രീംകോടതി വിധിയുണ്ടായത്. |
| (ബി) | പ്രസ്തുത വിധി മൂലം ഈ മേഖലയിൽ ഉണ്ടായ പ്രതിസന്ധിയും ആശങ്കയും വിലയിരുത്തിയിട്ടുണ്ടോ ; വ്യക്ത മാക്കാമോ ; | (ബി) | കാപ്പക്സിന്റെ കീഴിലുള്ള 10 ഫാക്ടറികൾ മുൻകാല ഉടമകൾക്ക് തിരിച്ച നൽകണമെന്ന സുപ്രീം കോടതി ഉത്തരവ് കശുവണ്ടി വ്യവസായ തൊഴിലാളികളേയും ജീവനക്കാരെയും സാരമായി |

| | | | |
|---|---|---|---|
| | | | ബാധിക്കുന്നതാണ്. കാപ്പക്സും, കേരള കശുവണ്ടി വികസന കോർപ്പറേഷനും പൊതുമേഖലയിൽ നിലനിൽക്കുന്നത് കൊണ്ട് മാത്രമാണ് കശുവണ്ടി വ്യവസായത്തിലെ തൊഴിലാളികൾക്ക് ന്യായമായ വേതന വർദ്ധനവും, ബോണസ് ആനുകൂല്യങ്ങളും, മറ്റ് സേവന വേതന വ്യവസ്ഥകളും ലഭിച്ച് വരുന്നത്. തൊഴിലാളികൾക്ക് മിനിമം വേജസ് ആക്ട് പ്രകാരം കൂലി നിശ്ചയിക്കുന്നത് പൊതുമേഖലാ സ്ഥാപനങ്ങളെ മാനദണ്ഡമായി സ്വീകരിച്ചാണ്. പൊതുമേഖലയിൽ ഉള്ള ഈ സ്ഥാപനങ്ങൾ അടച്ച് പൂട്ടിയാൽ മുതലാളിമാരുടെ ചൂഷണം കശുവണ്ടി മേഖലയിൽ അധികരിക്കുകയും, കശുവണ്ടി തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുകയും, കടിവറുപ്പ് സമ്പ്രദായം പതിന്മടങ്ങ് വർദ്ധിക്കുകയും ചെയ്യും. |
| (സി) | സുപ്രീം കോടതി വിധിക്ക് റിവ്യൂ ഹർജി നൽകണമെന്ന ആവശ്യത്തിൻമേൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ; ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | (സി) | സുപ്രീം കോടതി വിധിയ്ക്കെതിരെ കേരള സർക്കാരും, കാപ്പക്സും, ട്രേഡ് യൂണിയനുകളും റിവ്യൂ ഹർജികൾ ഫയൽ ചെയ്ത് കഴിഞ്ഞു. ഇത് കോടതി ഫയലിൽ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | കശുവണ്ടി വ്യവസായം സംരക്ഷിക്കുന്നതിനും സുപ്രീം കോടതിവിധിയെ തുടർന്നുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിനും കാപ്പക്സ് ഫാക്ടറികൾ പൊതുമേഖലയിൽ നിലനിർത്തുന്നതിനും എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ? | (ഡി) | സുപ്രീം കോടതി വിധിയ്ക്കെതിരെ കേരള സർക്കാരും, കാപ്പക്സും, ട്രേഡ് യൂണിയനുകളും റിവ്യൂ ഹർജികൾ ഫയൽ ചെയ്ത് കഴിഞ്ഞു. ഇത് കോടതി ഫയലിൽ സ്വീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ ആവശ്യമെങ്കിൽ പുതിയ നിയമ നിർമ്മാണം/ഭേദഗതി ഉൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പിൽ വരുത്തുന്നതിനായുള്ള പ്രാരംഭ നടപടികളും സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ